LIBRARY ARCHIVES Kerala Legislative Assembly

നൊച്ചാട് രവീന്ദ്രന്റെ കുടുംബത്തിനുള്ള ധനസഹായം

123 [286] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ നൊച്ചാട് പഞ്ചായത്തിലെ വെള്ളൂത്താടൻ കണ്ടി രവീന്ദ്രൻ 2004 ജനുവരി 24-ന് എലിപ്പനി ബാധിച്ച് മരണപ്പെട്ട വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പിന്നോക്ക-പട്ടിക സമുദായക്ഷേമവകുപ്പിൽ നിന്നും എന്തെങ്കിലും സഹായത്തിന് ഈ കുടുംബത്തിൽ നിന്നും എന്തെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) കുടുംബത്തിന് എന്തെങ്കിലും ആനുകൂല്യം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) ശ്രീ. രവീന്ദ്രൻ 2004 ജനുവരിയിലാണ് മരിച്ചത്. എന്നാൽ അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ധനസഹായ അപേക്ഷ ജൂൺ മാസത്തിലാണ് ഈ വകുപ്പിൽ ലഭിച്ചത്. ഇങ്ങനെയുള്ള അപേക്ഷകൾ പരിഗണിക്കാൻ വകുപ്പിൽ പദ്ധതികളൊന്നുമില്ല.

ആദിവാസി സാക്ഷരതാ പരിപാടിയിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം

124 [287] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലെ ആദിവാസികൾക്കിടയിൽ നടപ്പാക്കിയ സാക്ഷരതാ പരിപാടിയിൽ ക്രമക്കേടുകൾ നടന്നതിനെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആരോപണ വിധേയമായ മൈത്രി എന്ന സന്നദ്ധ സംഘടനയ്ക്ക് ഈ പദ്ധതി തുടർന്നും നടത്താൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത എജൻസി സാക്ഷരതാ പ്രേരകന്മാർക്ക് വേതനമായി ലക്ഷക്കണക്കിന് രൂപ നൽകിയതായി കള്ളരേഖയുണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ഏജൻസിക്ക് നാളിതുവരെയായി സർക്കാർ എന്തു തുക നൽകിയിട്ടുണ്ട്;

(ഇ) കഴിഞ്ഞ വർഷം പട്ടികവർഗ്ഗ വികസന ഫണ്ടിനത്തിൽ എന്തു തുകയാണ് നീക്കിവെച്ചിരുന്നത്; ഇതിൽ എന്തു തുക ചെലവഴിച്ചു; എന്തു തുക ലാപ്സായി; തുക ലാപ്സാകാനുള്ള പ്രധാന കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ വകുപ്പുവഴി പാലക്കാട് ജില്ലയിൽ സാക്ഷരതാ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി—ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) 2003-2004 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്കായി 4443.75 ലക്ഷം രൂപയും, കേന്ദ്രാവിഷ്കൃത/കേന്ദ്രസഹായ പദ്ധതികൾക്കായി 1590.30 ലക്ഷം രൂപയും, അഡീഷണൽ കേന്ദ്രസഹായമായി 3550 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. അതിൽ 4351.92 ലക്ഷം രൂപ ചെലവഴിച്ചു. തുകയൊന്നും ലാപ്സായിട്ടില്ല. ധനകാര്യ വകുപ്പിൽനിന്നും 50 ശതമാനം തുകയ്ക്കേ സീലിംഗ് ലഭിച്ചിരുന്നുള്ളൂ. അഡീഷണൽ കേന്ദ്ര സഹായമായി ലഭിച്ച തുക തുടർന്നും ചെലവഴിച്ചു വരികയാണ്.

പിന്നോക്ക-പട്ടികജാതി ക്ഷേമവകുപ്പ് മന്ത്രി അനുവദിച്ച ദുരിതാശ്വാസ സഹായം

125 [288] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നോക്ക-പട്ടികജാതി ക്ഷേമവകുപ്പ് എത്ര പേർക്ക് ദുരിതാശ്വാസ ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഇനത്തിൽ ഇതിനകം എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മങ്കട എം.എൽ.എ. ശുപാർശ ചെയ്ത എത്ര അപേക്ഷകളിൻമേൽ ഇതിനകം ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 3675 പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 179 പേർക്കും ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വികസനവകുപ്പിൽ 1,98,61,412 രൂപയും (ഒരു കോടി തൊണ്ണൂറ്റി എട്ടുലക്ഷത്തി അറുപത്തിയൊന്നായിരത്തി നാനൂറ്റി പന്ത്രണ്ട് രൂപ) പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 9,88,700 രൂപയും (ഒൻപത് ലക്ഷത്തി എൺപത്തിഎണ്ണായിരത്തി എഴുന്നൂറ് രൂപ) അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly